بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 30.10.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

30.10.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# ദുആ ഒരു മരണമാണ്. അതുവരിക്കാത്തിടത്തോളം ദുആ സ്വീകരിക്കപ്പെടുകയില്ല.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംഭവങ്ങളും ആ മഹാത്മാവ് വിവരിച്ച ചില ഉപദേശ കഥകളും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെ വിവിധ പ്രഭാഷണങ്ങളിൽ വിവരിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽനിന്നെടുത്തിട്ടുള്ള അവയിൽ ചിലത് ഞാൻ ഇന്ന് വിവരിക്കുന്നതായിരിക്കും. ഓരോ സംഭവവും ഉപദേശകഥകളും വ്യത്യസ്തമായ ഉപദേശം ഉൾക്കൊണ്ടിട്ടുള്ളതാണ്. ജമാഅത്തംഗങ്ങൾ തങ്ങളുടെ അറിവിൽ വർധനവുണ്ടാക്കണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ് ഇതു പറയുന്നത്. ദീനീ അറിവുള്ളവരും സമാകാലീന സംഭവങ്ങളെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. ചരിത്രത്തെ കുറിച്ചും അറിവുണ്ടായിരിക്കണം. പ്രത്യേകിച്ചും തബ്ലീഗ് ഏല്പിക്കപ്പെട്ടിരിക്കുന്ന മുറബ്ബിമാരും മുബല്ലിഗീംകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ലോകത്ത് ഈ അറിവുകൾ വളരെ പെട്ടെന്നും എളുപ്പത്തിലും ലഭ്യമാകുന്നു. ഏതായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ള ഒരു ഉപദേശക്കഥ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുണ്ട്. അത് വൈജ്ഞാനിക കഴിവ് വർധിപ്പിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അവിടന്ന് പറയുന്നു: 'ഒരാളുണ്ടായിരുന്നു. അദ്ദേഹം വലിയ മഹാത്മാവായി പറയപ്പെട്ടിരുന്നു. ഏതോ ഒരു രാജാവിന്റെ മന്ത്രി അവിചാരിതമായി അദ്ദേഹത്തിന്റെ ശിഷ്യനായിത്തീർന്നു. താങ്കൾ തീർച്ചയായും പോയി അദ്ദേഹത്തെ സിയാറത്ത് ചെയ്യണമെന്ന് അയാൾ രാജാവിനോടും പറഞ്ഞു. അവിടന്ന്(ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)എഴുതുന്നു). അദ്ദേഹം യഥാർഥ മഹാത്മാവായിരുന്നോ എന്നറിയില്ല. ഏതായിരുന്നാലും തുടർന്നുള്ള സംഭവങ്ങളിൽനിന്ന് തീർച്ചയായും അയാൾ ഒരു വിഡ്ഢിയായിരുന്നുവെന്ന് തെളിയുന്നുണ്ട്. അങ്ങനെ രാജാവ് അയാളെ കാണാൻ വന്നപ്പോൾ, 'രാജാവേ! അങ്ങ് നീതി കാണിക്കേണ്ടതാണെന്ന് അയാൾ പറഞ്ഞു. നോക്കൂ മുസ്ലീംകളിൽ സിക്കന്ദർ എന്നു പേരുള്ള ഒരു രാജാവും കടന്നു പോയിട്ടുണ്ട്. അദ്ദേഹം എത്ര മാത്രം നീതിമാനായിരുന്നു. അതുകൊണ്ട് ഇന്നുവരേക്കും അദ്ദേഹത്തിന് പ്രസിദ്ധിയുണ്ട്.' എന്നാൽ, റസൂൽ(സ) തിരുമേനിക്ക് നൂറുകണക്കിന് വർഷങ്ങൾക്കു മുമ്പേ എന്നല്ല ഹദ്റത്ത് ഈസാ(അ)നുമുമ്പേ മരിച്ച വ്യക്തിയാണ് സിക്കന്ദർ. പക്ഷേ, ഇയാൾ സിക്കന്ദറിനെ നബി(സ)തിരുമേനിയ്ക്കു ശേഷമുള്ള രാജാവാക്കിക്കൊണ്ട് ഒരു മുസ്ലിം രാജാവായി അവതരിപ്പിച്ചു. അത് രാജാവിൽ എന്തു സ്വാധീനം ചെലുത്താനാണ്. തൽഫലമായി രാജാവ് അയാളെക്കുറിച്ച് വളരെ മോശമായി ചിന്തിച്ചു. ഉടൻതന്നെ എഴുന്നേറ്റു പോരുകയും ചെയ്തു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ചരിത്രപാണ്ഡിത്യം മഹത്വത്തിനുള്ള മാനദണ്ഡമല്ല. എന്നാൽ, ഈ മഹാത്മാവ് എന്നു പറയുന്നയാൾ സ്വയം തന്നെ ആപത്തിൽ വീഴ്ത്തുകയായിരുന്നു. മനുഷ്യൻ സത്യത്തിൽനിന്ന് വിട്ട് നാമമാത്ര മഹത്വത്തിന്റെ വസ്ത്രം അണിയുമ്പോൾ അല്ലെങ്കിൽ അണിയാൻ ശ്രമിക്കുമ്പോൾ ഈ വിധത്തിലായിരിക്കും നിന്ദ്യനായിത്തീരുക. ഇതായിരിക്കും അവരുടെ പര്യവസാനം.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ശാപപ്രാർഥന നടത്താൻ ജനങ്ങൾക്ക് വളരെയധികം ധിറുതിയാണ്. നാം ആർക്കുവേണ്ടിയും ശാപപ്രാർഥന നടത്തരുതെന്നതായിരിക്കണം നമ്മുടെ രീതി. മറിച്ച് നാം നമ്മുടെ എതിരാളികൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അവസാനം അവർതന്നെയാണല്ലോ വിശ്വസിക്കേണ്ടവർ. മൗലവി അബ്ദുൽകരീം സാഹിബ് പറയാറുണ്ടായിരുന്നു: മേലത്തെ നിലയിലുള്ള നാലുഭാഗത്തും ജനലുകളും വാതിലുകളുമുള്ള മുറി(ചൗബാറ)യിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ റൂമിനുമുകളിൽ അദ്ദേഹത്തനായി അവിടന്ന് മറ്റൊരു മുറി പണികഴിപ്പിച്ചിരുന്നു. അതിന്റെ താഴെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)താമസിച്ചിരുന്നത്. ഒരു ദിവസം രാത്രി താഴത്തെ നിലയിൽനിന്ന് പ്രസവവേദനനിമിത്തം സ്ത്രീ നിലവിളിക്കുന്നതുപോലുള്ള കരച്ചിൽ കേൾക്കാനിടയായി. എനിക്കത്ഭുതം തോന്നി. ഞാൻ ചെവിയോർത്ത് ശബ്ദം ശ്രവിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്യുകയാണെന്ന് മനസ്സിലായി. ആ മഹാത്മാവ് പറയുന്നുണ്ടായിരുന്നു: 'അല്ലാഹുവേ! പ്ലേഗ് പടർന്നു പിടിച്ചിരിക്കുകയാണ്. ഇക്കാരണത്താൽ ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവേ! ഇവരെല്ലാവരും മരിച്ചുകഴിഞ്ഞാൽ പിന്നെ ആരാണ് നിന്നെ വിശ്വസിക്കുക.' നോക്കുക, പ്ലേഗ് എന്നത് നബി(സ)തിരുമേനി മുൻകൂട്ടി അറിയിച്ച അടയാളമായിരുന്നു. പ്ലേഗിന്റെ അടയാളത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. എന്നാൽ, പ്ലേഗ് പടർന്നുപിടിച്ചപ്പോൾ, ആരുടെ സത്യസാക്ഷ്യത്തെ പ്രകടിപ്പിക്കുന്നതിന് വേണ്ടിയാണോ പ്ലേഗ് വന്നത് അതേ വ്യക്തി അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുന്നു. എന്നിട്ട് അദ്ദേഹം അല്ലാഹുവിന്റെ മുമ്പിൽ വിതുമ്പുകയും ഇവർ മരിച്ചുപോയാൽ പിന്നാരാണ് നിന്നെ വിശ്വസിക്കുക എന്ന് ചോദിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സത്യവിശ്വാസി പൊതുജനങ്ങൾക്കെതിരിൽ ശാപപ്രാർഥന ചെയ്യരുത്.

പറയുന്നു: ഏതൊരു ജനതയെ ഉന്നത സ്ഥാനത്തെത്തിക്കുന്നതിനുവേണ്ടിയാണോ നമ്മെ എഴുന്നേല്പിച്ചിരിക്കുന്നത് അവർക്കായി നമുക്കെങ്ങനെ ശാപപ്രാർഥന നടത്താൻ കഴിയും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സ്ഥലത്തു പറയുന്നു:

*ഏ ദിൽ തൂ നീസ് ഖാത്തിറെ ഈനാ നിഗാഹ്ദാർ*
*കാഹിർ കുനന്ദ് ദഅ്വയെ ഹുബ്ബെ പേയംമ്പരി*

എന്റെ ഹൃദയമേ! നീ ഇവരുടെ ചിന്തകളേയും വികാരങ്ങളേയും ബോധങ്ങളേയും മാനിക്കേണമേ. അവരുടെ ഹൃദയം മലിനമാ

യിപ്പോകരുതേ. തന്നെ സ്വയം സംബോധനചെയ്തുകൊണ്ടു പറയുന്നു: നീ സഹികെട്ട് ശാപപ്രാര്‍ഥന ചെയ്യാനിടവരരുത്. അവര്‍ക്ക് നിന്റെ നബി(സ)തിരുമേനിയോടു സ്നേഹമുണ്ട്. അവര്‍ക്ക് നബി(സ)തിരുമേനിയോടുള്ള സ്നേഹംകൊണ്ടാണ് അവര്‍ നിന്നെ ചീത്ത വിളിക്കുന്നത്.

പൊതുജനങ്ങള്‍ അറിവില്ലാത്തവരാണ്. അവര്‍ക്കെന്താണോ മൗലവിമാര്‍ പഠിപ്പിക്കുന്നത് അതാണ് അവര്‍ പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് നമ്മുടെ ദുആ അല്ലാഹു ഉമ്മത്തിനെ നികൃഷ്ടരായ പണ്ഡിതന്മാരില്‍നിന്നും തെറ്റായി നയിക്കുന്ന നേതാക്കന്മാരില്‍ നിന്നും രക്ഷിക്കുമാറാകട്ടെ എന്നുള്ളതായിരിക്കണം. പൊതുജനങ്ങള്‍ക്ക് സത്യം മനസ്സിലാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ എന്നുള്ളതായിരിക്കണം.

പിന്നീട് യഥാര്‍ഥ മുസ്‌ലിമിന് വിപത്തുകളും ബുദ്ധിമുട്ടുകളും അപകടങ്ങളും വിധിക്കപ്പെട്ടിരിക്കുന്നത് അല്ലാഹു അവന് പുരോഗതിക്കുള്ള സംവിധാനം ഉണ്ടാക്കുന്നതിനാണെന്ന കാര്യം വിവരിച്ചുകൊണ്ട് പറയുന്നു: ഹദ്‌റത്ത് മൗലാനാ റൂമിയുടെ ഒരു കവിതാശകലമുണ്ട്,

*ഹര്‍ബലാ കീ ഈ ഖൗമെ റാ ഊദാ ദഹ് അസ്ത്*
*സേറെ ആ യക് ഗുന്‍ജ് ഹാ ബന്‍ഹാ ദഹ് അസ്ത്*

സമൂഹത്തിന്റെമേല്‍ പ്രയാസമിട്ടിരിക്കുന്ന അല്ലാഹു അവയ്ക്കു താഴെ വലിയൊരു ഖജനാവ് വെച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു, ഈ കവിതാശകലം ഹദ്‌റത്ത് മസീഹ് മൗഊദും(അ)എപ്പോഴും ചൊല്ലിക്കേള്‍പിക്കാറുണ്ടായിരുന്നു. ഏതെങ്കിലും ജനത അല്ലെങ്കില്‍ സംഘടന യഥാര്‍ഥത്തില്‍ മുസ്‌ലിമായിക്കഴിഞ്ഞാല്‍ അവര്‍ അകപ്പെടുന്ന എല്ലാ വിപത്തുകളും എല്ലാ നാശങ്ങളും അവര്‍ക്ക് മോക്ഷത്തിനും അഭിവൃദ്ധിക്കും കാരണമായി ഭവിക്കുന്നു. സത്യത്തെ അളന്നു നോക്കുന്നതിന് ഇത് വളരെ വലിയ മാനദണ്ഡമാണ്. അതായത് പ്രയാസങ്ങള്‍ക്കുശേഷം സൗഖ്യം വരുന്നു. ഓരോ പരീക്ഷണവും നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അഭിവൃദ്ധിക്കുള്ള സാമഗ്രിയുമായി വരുന്നു എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്.

ദുഷ്ചിന്തകളുടെ സ്വാധീനം ബാഹ്യമായ കാരണങ്ങള്‍ കൂടാതെ വെറും സഹവാസംകൊണ്ടും ഉണ്ടാകുന്നു എന്ന് വിവരിച്ചുകൊണ്ട് പറയുന്നു: ആരെങ്കിലും ആരെയെങ്കിലും തിന്മയില്‍ അകപ്പെടാന്‍ പ്രേരിപ്പിക്കുകയോ പ്രേരിപ്പിക്കാതിരിക്കുകയോ വേണ്ട, തിന്മ പ്രവര്‍ത്തിക്കുന്ന മനുഷ്യന്റെ കൂടെ സമയം ചെലവഴിക്കുകയാണെങ്കില്‍ത്തന്നെ ആ തിന്മ അവനറിയാതെ അവനിലുണ്ടാകുന്നതാണ്. ചീത്ത മനുഷ്യന്റെ ചീത്ത സ്വഭാവം അവനറിയാതെ തന്നെ അവിനലുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. ഒരിക്കല്‍ സര്‍ക്കാര്‍ കോളേജിലെ ഹദ്‌റത്ത് മസീഹ് മൗഊദുമായി(അ) ആത്മാര്‍ഥ ബന്ധമുള്ള ഒരു സിഖ് വിദ്യാര്‍ഥി ഹദ്‌റത്ത് മസീഹ് മൗഊദിനോടു പറയാനായി പറഞ്ഞയച്ചു. 'ആദ്യമെനിക്ക് ദൈവത്തില്‍ വിശ്വാസമുണ്ടായിരുന്നു, എന്നാല്‍, ഇപ്പോള്‍ എന്റെ മനസ്സില്‍ ദൈവത്തെ സംബന്ധിച്ച് സംശയമുണ്ടായി തുടങ്ങിയിരിക്കുന്നു.' താങ്കള്‍ ഇപ്പോള്‍ ക്ലാസ്സില്‍ ഇരിക്കുന്ന സ്ഥലത്തുനിന്ന് മാറിയിരിക്കാന്‍ അവനോടു പറയുക എന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞയച്ചു. അങ്ങനെ ആ വിദ്യാര്‍ഥി സ്ഥലം മാറി ഇരുന്നു. എന്നിട്ട് പറഞ്ഞു, 'ഇപ്പോള്‍ ദൈവത്തെ കുറിച്ച് സംശയങ്ങളൊന്നുമുണ്ടാകാറില്ല.' ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അവനില്‍ അടുത്തിരുന്ന ഒരു നിരീശ്വരവാദിയുടെ സ്വാധീനം ഉണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. അവന്‍ സ്ഥലംമാറി ഇരുന്നപ്പോള്‍ നിരീശ്വരവാദിയുടെ സ്വാധീനമില്ലാതെയായി. പിന്നീട് സംശയങ്ങളും ഉണ്ടായില്ല. ഇപ്രകാരംതന്നെയാണ് ടി.വി പരിപാടികളും. ഇക്കാര്യത്തില്‍ മുതിര്‍ന്നവരും ഓര്‍ക്കേണ്ട ചില കാര്യങ്ങളുണ്ട്. അവര്‍ കുട്ടികളെ പരിപാടികള്‍ കാണുന്നതില്‍ നിന്ന് തടയുന്നുണ്ടാകും. അവര്‍ കുട്ടികളുടെമേല്‍ ചീത്ത സ്വാധീനമുണ്ടാക്കുന്ന അത്തരം പരിപാടികള്‍ അവരെ കാണിക്കാതിരുന്നാലും അവരറിയാതെതന്നെ ചുറ്റുപാടിന്റെ സ്വാധീനം ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. കുട്ടികളുടെ ശിക്ഷണവും മോശമായിക്കൊണ്ടിരിക്കും.

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ദുആയെ സംബന്ധിച്ച്, ദുആ ചെയ്യുന്നതിന് ബന്ധത്തിന്റെ ആവശ്യമുണ്ടെന്ന് ചിലരോടു പറയാറുണ്ടായിരുന്നു. നിങ്ങള്‍ ഒരു കാണിക്ക നിശ്ചയിക്കുക, ഞാന്‍ ദുആ ചെയ്യാമെന്ന്! പരസ്പരമുള്ള ബന്ധം വര്‍ധിക്കുന്നതിനുവേണ്ടിയാണ് ആ രീതി സ്വീകരിച്ചിരുന്നത്. ഇതിനായി ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പലപ്പോഴും ഒരുപദേശ സംഭവം കേള്‍പ്പിക്കുമായിരുന്നു. ഒരു മഹാത്മാവിനെക്കൊണ്ട് ദുആ ചെയ്യിക്കാന്‍ ഒരാള്‍ പോയി. അയാളുടെ വീടിന്റെ ആധാരം നഷ്ടപ്പെട്ടിരുന്നു. ആ മഹാത്മാവ് പറഞ്ഞു, ഞാന്‍ ദുആ ചെയ്യാം. ആദ്യം നീ എനിക്ക് അലുവ കൊണ്ടുവരിക. അയാള്‍ അലുവ വാങ്ങാന്‍ പോയി. അലുവ കടയില്‍നിന്ന് അലുവ വാങ്ങി. അലുവ വാങ്ങുകയും കടക്കാരന്‍ കടലാസില്‍ പൊതിഞ്ഞ് അതുകൊടുക്കാന്‍ ഒരുങ്ങുകയും ചെയ്തപ്പോള്‍, 'ആ കടലാസ് കീറരുതേ, ഇതെന്റെ വീടിന്റെ ആധാരമാണേ എന്നുപറഞ്ഞ് ബഹളംവെക്കുകയും ഇതു കിട്ടാന്‍വേണ്ടി ഞാന്‍ ദുആ ചെയ്യിക്കാന്‍ വന്നതാണ്'എന്ന് പറയുകയും ചെയ്തു.

ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങള്‍ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് നമുക്ക് ലഭിക്കുന്നുണ്ട്. നന്മകളില്‍ പരസ്പരം മുന്നേറണം എന്നുപദേശിച്ചുകൊണ്ട് ഒരിക്കല്‍ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ടു വിവരിച്ചു: ഹദ്‌റത്ത് മസീഹ് മൗഊദ്(അ) രണ്ടു സ്വഹാബിമാരെക്കുറിച്ച് കേള്‍പിച്ചിരുന്നു: ഒരാള്‍ കുതിരയെ വില്ക്കുന്നതിനുവേണ്ടി ചന്തയില്‍ കൊണ്ടുവന്നു. രണ്ടാമത്തെയാള്‍ അതിന്റെ വില ചോദിച്ചു. അയാള്‍ എന്തോ ഒരുവില പറഞ്ഞു. പക്ഷേ, വാങ്ങുന്നയാള്‍ പറഞ്ഞു, നിങ്ങള്‍ പറയുന്നതല്ല ഇതിന്റെ യഥാര്‍ഥ വില. ഇതിന്റെ വില ഇന്നതാണ്. അയാള്‍ പറഞ്ഞ വില വില്‍ക്കുന്നയാള്‍ പറഞ്ഞതിനെക്കാള്‍ കൂടുതലായിരുന്നു. അവിടന്ന് പറയുന്നു, വിശ്വസ്തതയുടേയും സത്യസന്ധതയുടേയും ഈ നിലവാരം ഒരു നിസാര സംഭവമാണെങ്കിലും ഇക്കാര്യം നമ്മുടെ സ്വന്തം തര്‍ബിയ്യത്തിന് ഫലം ചെയ്യുന്നതിനോടൊപ്പം നമ്മുടെ സന്താനങ്ങളുടെ തര്‍ബിയ്യത്തിനും ഫലം ചെയ്യുന്നതായിരിക്കും. അതിനോടൊപ്പം ജമാഅത്തിന്റെ അഭുവൃദ്ധിക്കും അതു കാരണമാകുന്നതായിരിക്കും. വിശ്വസ്തതയുടെ ഈ നിലവാരം നിലനിറുത്താനാണ് നമ്മള്‍ പരിശ്രമിക്കേണ്ടത്. കൂടാതെ ഒരു സുപ്രധാന കാര്യവുമുണ്ട്. ഇതിലേക്ക് എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്. എല്ലാ സവിശേഷ ഗുണങ്ങളുടേയും ഉടമസ്ഥന്‍ അല്ലാഹു മാത്രമാണെന്ന കാര്യം ഓര്‍ക്കുക. ഇപ്രകാരംതന്നെ ആര്‍ക്കെങ്കിലും ഹിദായത്ത് നല്കുന്നതും അല്ലാഹുവിന്റെ ജോലിയാണ്. അല്ലാഹു നമ്മെ ഏല്പിച്ചിട്ടുള്ള ഒരു ജോലി സന്മാര്‍ഗം പ്രചരിപ്പിക്കുകയും സന്ദേശമെത്തിക്കുകയും ചെയ്യുക എന്നതാണ്. പക്ഷേ, ഹിദായത്ത് നല്കുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്. നമ്മള്‍ നമ്മുടെ കഴിവിന്റെ പരമാവധി ഈ ജോലി നിര്‍വഹിക്കണം. അതിന്റെ ഫലം പിന്നീട് അല്ലാഹുവാണ് തരുന്നത്. ഇന്നയാള്‍ക്ക് സന്മാര്‍ഗം കിട്ടിക്കഴിഞ്ഞാല്‍, ഇന്നയാള്‍ അഹ്മദി

യായിക്കഴിഞ്ഞാൽ ജമാഅത്ത് അഭിവൃദ്ധിപ്പെടുമെന്ന് ഒരിക്കലും വിചാരിക്കരുത്. നമ്മുടെ ആശ്രയം അല്ലാഹുവിലായിരിക്കണം. എന്തൊന്നാണോ നമ്മൾ ചെയ്യേണ്ടത് അതു ചെയ്യണം. അല്ലാതെ ജനങ്ങളിലേക്ക് നോക്കേണ്ട കാര്യമില്ല. അതിനാൽ ആത്മാർഥതിലും കൂറിലും വളരുന്നയാളുകളും ദീനീപരമായ അഭിവൃദ്ധിയിൽ മുന്നോട്ടു ചുവടുവെക്കുന്നവരും ജമാഅത്തിലുണ്ടാകാൻവേണ്ടി ദുആ ചെയ്യേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മനുഷ്യകുലത്തെ വഴികേടിൽനിന്ന് രക്ഷിക്കാൻ എത്രമാത്രം വേദനയാണുണ്ടായിരുന്നത്. അതിന് ഒരു ഉദാഹരണം നല്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ നിരക്ഷരയും നിസാരയുമായ ഒരു സ്ത്രീ വന്നു. അവർ പറഞ്ഞു, എന്റെ മകൻ ക്രിസ്ത്യാനിയായിരിക്കുന്നു. അവൻ മുസൽമാനാകുന്നതിനുവേണ്ടി അങ്ങ് ദുആ ചെയ്താലും. ദൈവത്തിന്റെ കാര്യങ്ങൾ കേൾക്കുന്നതിനുവേണ്ടി അവനെ തന്റെയടുക്കൽ അയക്കാൻ അവിടന്ന് ആ സ്ത്രീയോടു പറഞ്ഞു. അവൻ രോഗിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വലിന്റെയടുക്കൽ ചികിത്സക്കായി ഖാദിയാനിൽ വന്നതാണ്. അവന് ക്ഷയരോഗമായിരുന്നു. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വരുമ്പോൾ ആ മഹാത്മാവ് അവനെ ഉപദേശിക്കുകയും ഇസ്‌ലാമിന്റെ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അല്ലാഹു ആ സ്ത്രീയുടെ വിലാപംകേട്ടു. അവരുടെ മകൻ ഇസ്‌ലാം സ്വീകരിച്ചു. കുറച്ചുദിവസം കഴിഞ്ഞ് അവരുടെ മകൻ മരിക്കുകയും ചെയ്തു. ദീനിൽ മടക്കിക്കൊണ്ടുവരുന്നതിന് അവസാനമായിട്ട് എന്തെങ്കിലും സൂത്രമോ മാനുഷികമായ മാധ്യമമോ ഉണ്ടെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണെന്ന് ആ സ്ത്രീക്ക് അറിയാമായിരുന്നു. കാരണം അദ്ദേഹത്തിനാണ് ഇസ്‌ലാമിനെക്കുറിച്ചുള്ള യഥാർഥ വേദനയുള്ളത്. അദ്ദേഹത്തിനു മാത്രമേ യഥാർഥ വേദനയോടുകൂടി മറ്റുള്ളവർക്കും സന്ദേശമെത്തിക്കാനും തബ്‌ലീഗ് ചെയ്യാനും വിശ്വാസിയാക്കാനും സാധിക്കുകയുള്ളൂ.

ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിഷ്കരണ രീതിയെ സംബന്ധിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ജനങ്ങൾ പരിഷ്കരിക്കപ്പെടുന്നതിനു പകരം വിഘടിച്ചുപോകുംവിധം തെറ്റായ രീതിയിൽ ചിലയാളുകൾ ചില കാര്യങ്ങൾ പറയാറുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് സാഹിബിന്റെ പരിഷ്കരണ രീതി വളരെ മൃദുലവും അത്ഭുതകരവുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ ഒരാൾ വന്നു. അദ്ദേഹത്തിന്റെ പക്കൽ വഴിച്ചെലവിന്റെ കുറവുണ്ടായിരുന്നു. അദ്ദേഹം സംസാരത്തിനിടയിൽ ഇതിനെക്കുറിച്ച് പറയാൻ തുടങ്ങി: ഈ കുറവു കാരണത്താൽ ഇങ്ങനെയൊരു ഇളവോടുകൂടിയ ട്രെയിൻ ടിക്കറ്റിലാണ് വന്നതെന്ന് പറഞ്ഞു. ആ രീതി എന്തോ തെറ്റായിട്ടുള്ളതാണെന്നാണ് തോന്നുന്നത്. അവിടന്ന് ഒരു രൂപ അദ്ദേഹത്തിനുകൊടുത്തു. പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: താങ്കൾ തിരിച്ചുപോകുമ്പോൾ അങ്ങനെ ചെയ്യേണ്ട ആവശ്യം വരികയില്ലെന്ന് പ്രതീക്ഷിക്കുന്നു. അനുവദനീയമായിട്ടുള്ളതേ എപ്പോഴും ചെയ്യാവൂ എന്ന് അയാൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

പിന്നീട് ജമാഅത്തംഗങ്ങൾ കൈത്തൊഴിൽ പഠിക്കുന്നതിനെക്കുറിച്ചും അധ്വാനിക്കുന്നതിനെക്കുറിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുകയുണ്ടായി. ഒരു സംഭവം വിവരിക്കുന്നു. ഒരിക്കൽ ചില അതിഥികൾ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവർക്കുവേണ്ടി ചായ തയ്യാറാക്കിച്ചു. ഫുജാ എന്ന യുവാവിനോട് അതിഥികൾക്ക് ചായ കൊണ്ടുകൊടുക്കാൻ പറഞ്ഞു. മുമ്പേയുള്ള ജോലിക്കാരനായ ചിരാഗിനേയും അവനോടൊപ്പം അയച്ചു. അങ്ങനെ ചായയുമായി രണ്ടുപേരും അവിടെയെത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ചിരാഗ് മുമ്പേയുള്ള ആളായിരുന്നു. അയാൾ ആദ്യം ഖലീഫത്തുൽമസീഹ് ഔവ്വലിന്റെ മുമ്പിൽ ചായക്കപ്പ് വെച്ചു. കാരണം ഖലീഫത്തുൽമസീഹിന്റെ ശ്രേഷ്ഠതയും പദവിമുറയും അദ്ദേഹത്തിന്നറിയാമായിരുന്നു. പക്ഷേ, ഫുജേ സാഹിബ് കൈപിടിച്ചുകൊണ്ടു പറഞ്ഞു, 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇദ്ദേഹത്തിന്റെ പേര് പറഞ്ഞിട്ടില്ല.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഇക്കാര്യം പോലും മനസ്സിലാക്കാൻ കഴിയാത്തത്ര ചെറുതായിരുന്നു അയാളുടെ ബുദ്ധി. പക്ഷേ, അയാളെ കല്ലാശാരിയോടൊപ്പം അയച്ചപ്പോൾ പെട്ടെന്ന് പണി പഠിച്ച് കല്ലാശാരിയായി. ഒന്നും ചെയ്യാതെ വെറുതെ കുത്തിയിരിക്കുന്ന ആളുകൾ അല്പം ശ്രദ്ധിക്കുകയാണെങ്കിൽ എന്തെങ്കിലും ജോലി പഠിക്കാൻ കഴിയുമെന്നും സമ്പാദിക്കാൻ സാധിക്കുമെന്നും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. എന്നല്ല പൊതുജനനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും സൃഷ്ടിസേവനങ്ങളിലും പങ്കെടുക്കാനും അവർക്ക് സാധിക്കുന്നതാണ്.

അല്ലാഹുവിനുവേണ്ടിയുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയരോഷത്തെ പ്രതിപാദിച്ചുകൊണ്ട് ഒരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇവിടെ ഒരാളുണ്ടായിരുന്നു. പിന്നീട് അദ്ദേഹം ആത്മാർഥ അഹ്മദിയായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദു(അ)മായി അദ്ദേഹത്തിന് നല്ല ബന്ധമായിരുന്നു. എന്നാൽ, അഹ്മദിയാകുന്നതിനുമുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) 20 വർഷംവരെ അദ്ദേഹത്തെ വെറുത്തിരുന്നു. അദ്ദേഹത്തിന്റെ ഒരു ചെയ്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിഷമമുണ്ടാക്കി എന്നതാണ് അതിനു കാരണം. അതിപ്രകാരമാണ്. അദ്ദേഹത്തിന്റെ ഒരു മകൻ മരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു സഹോദരനോടൊപ്പം അനുശോചനത്തിനായി അവിടെ പോയി. ആരുവന്നാലും അവരെ കെട്ടിപിടിച്ചു നിലവിളിച്ച് കരയുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. അതനുസരിച്ച് ഹദ്റത്ത് സാഹിബിന്റെ മൂത്ത സഹോദരനെ കെട്ടിപ്പിടിച്ച് കരഞ്ഞുകൊണ്ടു പറഞ്ഞു, 'അല്ലാഹു എന്നോടു വലിയ അക്രമമാണ് കാണിച്ചത്.'നഊദുബില്ലാഹ്. ഇതുകേട്ട് ഹദ്റത്ത് മസീഹ് മൗഊദിന് അദ്ദേഹത്തോടു എത്രമാത്രം വെറുപ്പുണ്ടായി എന്നാൽ, കാണുന്നതുപോലും അസഹ്യമായി. പിന്നീട് അല്ലാഹു അയാൾക്ക് ആ അജ്ഞതകളിൽനിന്ന് പുറത്തുവരാനും അഹ്മദിയ്യത്ത് സ്വീകരിക്കാനും തൗഫീഖ് നല്കി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ദൈവാസ്തിക്യത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സംഭവം കേൾപിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിനോടൊപ്പം ഒരു നിരീശ്വരവാദി പഠിക്കുന്നുണ്ടായിരുന്നു. ഒരിക്കൽ ദൈവാസ്തികൃത്തിനുള്ള തെളിവിനെകുറിച്ച് പറയുകയാണ്, ഭൂകമ്പമുണ്ടായപ്പോൾ ആ നിരീശ്വരവാദിയുടെ നാവിലൂടെ അനിയന്ത്രിതമായി രാമാ! എന്ന് പുറത്തുവന്നു. ആദ്യം ഹിന്ദുവായിരുന്നു. പിന്നീട് നിരീശ്വരവാദിയായതാണ്. മീർ സാഹിബ് അവനോടു 'നീ ദൈവനിഷേധിയാണല്ലോ, പിന്നെന്തിനാണ് രാമാ, രാമാ എന്നു വിളിച്ചത് എന്ന് ചോദിച്ചപ്പോൾ തെറ്റുപറ്റിപ്പോയതാണെന്നും അറിയാതെ വായിൽനിന്ന് വന്നുപോയതാണെന്നും പറഞ്ഞു. എല്ലാ ജനതയിലും ഈ ചിന്താഗതി കാണുന്നുവെന്നത് ദൈവാസ്തികൃത്തിനുള്ള പ്രബലമായ തെളിവാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ഉണ്ടായിരുന്ന അല്ലാ

ഹുവിന്റെ സഹായവും തുണയും ആ മഹാത്മാവിന്റെ മാനസികാവസ്ഥയും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സ്ഥലത്ത് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു പ്രൈവറ്റ് നോട്ടുബുക്കിൽ കുറിച്ച നോട്ട്സിൽനിന്ന് ആ മഹാത്മാവിന്റെ മാനസികാവസ്ഥ അനുമാനിക്കാവുന്നതാണ്. ഈ കുറിപ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: 'അല്ലാഹുവേ! സകല സ്നേഹിതന്മാർക്കും അനുകമ്പയുള്ളവർക്കും എന്നെ സഹായിക്കാൻ പറ്റാത്ത നേരത്ത് നീ എന്നെ സാന്ത്വനപ്പെടുത്തുകയും എന്നെ സഹായിക്കുകയും ചെയ്യുമ്പോൾ ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കാനാണ്.' ഇതാണ് അതിന്റെ ഉള്ളടക്കം.

എല്ലാ അഹ്മദികളുടേയും ധാർമികാവസ്ഥയുടെ നിലവാരം ഏറ്റവും ഉയർന്നതായിരിക്കേണ്ടതാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പലവട്ടവും ഉപദേശിക്കുകയുണ്ടായി. ഇതുസംബന്ധമായി ആ മഹാത്മാവിന്റെ സ്വന്തം മാതൃക എന്തായിരുന്നു. ശത്രുക്കളോടും അവിടന്ന് എത്രമാത്രം നല്ലനിലയിലായിരുന്നു പെരുമാറിയിരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഒരു സ്നേഹിതൻ പറയുകയുണ്ടായി. ഒരിക്കൽ ഹിന്ദുക്കളിൽനിന്നുള്ള ഒരു കഠിന വിരോധിയുടെ ഭാര്യക്ക് തീരെ സുഖമില്ലാതായി. വൈദ്യൻ നിർദേശിച്ച മരുന്നുകളിൽ കസ്തൂരിയും ഉണ്ടായിരുന്നു. അവർക്ക് ഒരിടത്തുനിന്നും കസ്തൂരി കിട്ടിയില്ല. അങ്ങനെ അയാൾ ലജ്ജിതനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്നു. താങ്കളുടെ കൈയിൽ കസ്തൂരിയുണ്ടെങ്കിൽ തരിക എന്നു പറഞ്ഞു. അയാൾക്ക് ഒന്നോ രണ്ടോ തൂക്കം കസ്തൂരിയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ, അയാൾതന്നെ പറയുന്നു, 'ഹദ്റത്ത് മസീഹ് മൗഊദ്(അ)കുപ്പി നിറച്ച് കസ്തൂരി എടുത്തുകൊണ്ടു വരികയും 'താങ്കളുടെ ഭാര്യയ്ക്ക് ബുദ്ധമുട്ട് അധികമാണ്, ഇതുമുഴുവനും കൊണ്ടുപോകുക' എന്ന് പറഞ്ഞ് എനിക്കു തരികയും ചെയ്തു.

ജനരോക്ഷങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠമെന്താണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ത്വാഊൻ-ത്വഅ്നിൽനിന്ന് നിഷ്പന്നമായതാണ്. ത്വഅ്ന്റെ അർഥം കുന്തം എറിയുക എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ശത്രുക്കൾക്കെതിരിൽ കോപാഗ്നി കാണിച്ച അല്ലാഹു ഇപ്പോഴുമുണ്ട്. ഇപ്പോഴും അവൻ തന്റെ ശക്തികളുടെ പ്രഭാവം കാണിക്കുന്നതാണ്. ഒരിക്കലും മൗനം പാലിക്കുകയില്ല. നമ്മൾ മൗനം പാലിക്കുന്നതാണ്. നിങ്ങളുടെ ആവേശം നിയന്ത്രിക്കണമെന്ന് നമ്മൾ ജമാഅത്തിനെ ഉപദേശിക്കുകയും ചെയ്യും. എല്ലാതരത്തിലുള്ള ജനരോക്ഷങ്ങളും കണ്ടും കേട്ടും സമാധാനത്തെ ഇഷ്ടപ്പെടുന്ന ഒരു ജമാഅത്തും ലോകത്തുണ്ടാകാവുന്നതാണെന്ന് ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ദുആ ചെയ്യുന്ന നേരത്ത് തന്നിൽ യഥാർഥമായ വിനയത്തോടെയുള്ള യാചന ഉണ്ടാകുന്നില്ലെന്ന് ഒരാൾക്ക് മനസ്സിലായാൽ അവൻ കരയുന്നതായി അഭിനയിക്കാൻ ശ്രമിക്കുക. അവൻ അങ്ങനെ ചെയ്യുന്നതായാൽ തൽഫലമായി യഥാർഥ കരച്ചിൽ ഉണ്ടാകുന്നതാണ്. കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു, 'നമ്മുടെ ചില കാര്യങ്ങളിൽ അപജയവും ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിട്ടുള്ള അവസ്ഥയും ഉണ്ടാകുന്നത് നമ്മളിലെ ഒരു വിഭാഗം ദുആകളിൽ അലസത കാണിക്കുന്നതുകൊണ്ടാണ്. (ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: ഇന്നും ഇതൊരു യാഥാർഥ്യമാണ്). ദുആ ചെയ്യാൻ അറിയാത്തവരും ധാരാളമുണ്ട്. ദുആ എന്താണെന്നും അവർക്കറിയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: മരണം വരിക്കുന്നതിന്റെ പേരാണ് ദുആ. അതിനാൽ ദുആയുടെ ഉദ്ദേശ്യം മനുഷ്യൻ തന്നിൽ ഒരു മരണം ഉണ്ടാക്കണമെന്നതാണ്. കാരണം തനിക്ക് ഇന്ന ജോലി ചെയ്യാൻ കഴിയുമെന്ന് വിചാരിക്കുന്നവൻ സഹായത്തിന് ആരേയും വിളിക്കുകയില്ല. ഇതുപോലെ, അല്ലാഹുവിന്റെ മുമ്പിൽ മരിച്ചവനാണെന്ന് മനസ്സിലാക്കുന്നവനാണ് അവനോടു ചോദിക്കുന്നവൻ. അവന്റെ മുമ്പിൽ തികച്ചും നിരാശ്രയനാണെന്ന് പ്രകടിപ്പിക്കുക. മനുഷ്യൻ തന്റെ മുമ്പിൽ മരിക്കാത്തിടത്തോളം ദുആ, ദുആ ആയിരിക്കുകയില്ലെന്നാണ് അല്ലാഹു പറയുന്നത്. തന്റെമേൽ ഒരു മരണം ഉണ്ടാക്കുകയും താൻ ഒന്നുമല്ലെന്ന് കരുതുകയും ചെയ്യുന്നവന്റെ ദുആയാണ് ദുആ എന്ന പറയാൻ അർഹമായിട്ടുള്ളത്. ഈ അവസ്ഥ ഉണ്ടാക്കുന്ന മനുഷ്യനാണ് അല്ലാഹുവിന്റെ തിരുസന്നിധിയിൽ വിജയി. അവന്റെ ദുആകളായിരിക്കും സ്വീകാരാർഹമായിട്ടുള്ളതും.

അല്ലാഹു നമ്മുടെ ഉള്ളിൽ സൽസ്വഭാവങ്ങളുടേയും ആരാധനകളുടേയും ഉയർന്ന നിലവാരം സ്ഥാപിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമുക്ക് സ്വീകാര്യമായ ദുആ ചെയ്യാനും തൗഫീഖ് നല്കുമാറാകട്ടെ. അതിനോടുള്ള കടമ നിർവഹിക്കുന്നവരാക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 30.10.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala